പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2591 1.4.2013 ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമങ്ങൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. മുരളീധരൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പട്ടികജാതി വിഭാഗങ്ങളുടെ അധിവാസ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിലേയ്ക്ക് പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | എ) | കില നടത്തിയ സർവ്വേയിൽ കണ്ടെത്തിയ അൻപതോ അവയിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറഞ്ഞതുമായ പട്ടികജാതി കോളനികളെയാണ് 'സ്വയം പര്യാപ്ത കോളനി' പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 120 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൽ എന്തെല്ലാം; | ബി) | അൻപതോ അൻപതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ് പ്ലാന്റ്, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന |

| | | |
|---|---|---|
| | | പ്രവർത്തനങ്ങൾ. |
| സി) സംസ്ഥാനത്ത് മൊത്തം എത്ര സങ്കേതങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | സി) | കിലയുടെ സർവ്വെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തൊട്ടാകെ 436 കോളനികൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നവയായിട്ടുണ്ട്. ഇവയിൽ ആദ്യ ഘട്ടമെന്ന നിലയ്ക്ക് 120 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ കോളനികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു : |

| | |
|---|---|
| തിരുവനന്തപുരം | 62 |
| കൊല്ലം | 48 |
| പത്തനംതിട്ട | 22 |
| ആലപ്പുഴ | 21 |
| കോട്ടയം | 23 |
| എറണാകുളം | 37 |
| ഇടുക്കി | **43** |
| തൃശ്ശൂർ | 67 |
| പാലക്കാട് | 46 |
| മലപ്പുറം | 27 |
| കോഴിക്കോട് | 17 |
| വയനാട് | 4 |
| കണ്ണൂർ | 9 |
| കാസർഗോഡ് | 10 |

| | | |
|---|---|---|
| ഡി) എത്ര പട്ടികജാതി സങ്കേതങ്ങളാണ് ഈ വർഷം സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്; | ഡി) | ഈ വർഷം 120 പട്ടികജാതി സങ്കേതങ്ങളാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. |
| ഇ) എല്ലാ സങ്കേതങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എത്ര വർഷം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | ഇ) | ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.